**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1671** **31-08-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ എവിടെയെല്ലാമാണ് കൃഷിഭവനുകൾക്ക് കീഴിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ആലത്തൂർ, വടക്കാഞ്ചേരി, കുഴൽമന്ദം, പെരിങ്ങോട്ടുകുറിശ്ശി, നെന്മാറ, കൊല്ലങ്കോട്, മുതലമട, പെരുമാട്ടി, പിരായിരി, മരുതറോഡ്, കൊടുമ്പ്, തെങ്കര, ശ്രീകൃഷ്ണപുരം, അഗളി, ഒറ്റപ്പാലം, വല്ലപ്പുഴ, വാണിയംകുളം, പട്ടാമ്പി , വിളയൂർ, ഓങ്ങല്ലൂർ, ആനക്കര എന്നീ കൃഷി ഭവനുകളിലാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നത്. |
| (ബി) | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖാന്തിരം കർഷകർക്ക് നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ പ്രധാനമായും കീടരോഗ നിരീക്ഷണ പ്രവർത്തനമാണ് നടന്നുവരുന്നത്. നെല്ല്, പച്ചക്കറി,തെങ്ങ്, കുരുമുളക്, വാഴ എന്നീ വിളകൾക്ക് ക്ലിനിക്കുകളുള്ള പഞ്ചായത്തുകളിൽ 20 വീതം നിരീക്ഷണ പ്ലോട്ടുകളുണ്ട്. ഈ നിരീക്ഷണ പ്ലോട്ടുകളിൽ വിള ആരോഗ്യപരിപാലന പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ടിട്ടുള്ള പെസ്റ്റ് സ്കൗട്ടുകൾ സ്ഥിരം നിരീക്ഷണം നടത്തുകയും ശേഖരിച്ച നിരീക്ഷണങ്ങൾ ഫോട്ടോ, ശുപാർശകൾ എന്നിവ IITMK-യിൽ നിർമ്മിതമായ CPSS (Crop pest surveillance system) എന്ന web site-ൽ GPS-ഉള്ള ടാബുകൾ ഉപയോഗിച്ച് രേഖപ്പെടുത്തുകയും ചെയ്യുന്നു. Plant Health Clinic-ന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. മണ്ണ് പരിശോധന സംവിധാനം:- സസ്യ ആരോഗ്യ ക്ലിനിക്കുകളിലെ നിരീക്ഷണ പ്ലോട്ടുകളിൽ നിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച്, പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിൽ വള പ്രയോഗത്തിനുള്ള ശുപാർശകൾ നൽകി വരുന്നു.<br><br>2. ക്ലിനിക്ക് സന്ദർശിക്കുന്ന കർഷകർക്ക് കൃഷി സംബന്ധമായ സാങ്കേതിക സഹായം നൽകുന്നു. |

| | | | |
|---|---|---|---|
| | | | 3. കർഷകർക്കായി പരിശീലന പരിപാടി സംഘടിപ്പിക്കുന്നു,<br><br>4. CPSS web siteമുഖേന കൃഷിയിടത്തിലെ കീടരോഗ നിയന്ത്രണത്തിനുള്ള സാങ്കേതിക ഉപദേശം നൽകുന്നു. വെബ്, മൊബൈൽ എന്നിവ അടിസ്ഥാനമാക്കിയുള്ള കീടരോഗ നിരീക്ഷണ സംവിധാനമായ CPSSനിരീക്ഷണ സംവിധാനമുപയോഗിച്ച് സസ്യങ്ങളുടെ കീട-രോഗങ്ങളെപ്പറ്റി അനായാസേന മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.<br><br>5. കീടരോഗ നിർണ്ണയത്തിന് ആവശ്യമായ ലഘുലേഖകൾ, ബുള്ളറ്റിനുകൾ എന്നിവ മാസത്തിലൊരിക്കൽ കർഷകർക്കും, കർഷക ഗ്രൂപ്പുകൾ, അഗ്രോസർവ്വീസ് സെന്ററുകൾ മുതലായവയ്ക്കും പ്രിന്റ് ചെയ്ത് വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ